# ക്വിയർ സംസ്കാരത്തിന്റെ ആവിഷ്കാരവും പ്രതിനിധാനവും ആദ്യകാലമലയാളസാഹിത്യത്തിൽ: തിരഞ്ഞെടുത്ത പാഠങ്ങളെ മുൻനിർത്തിയുള്ള പഠനം

**അനസ് എൻ.എസ്.**

**പ്രബന്ധസംഗ്രഹം**

ലൈംഗികത, ജെൻഡർ, പ്രണയം തുടങ്ങിയവയെ വിപരീത-ദ്വന്ദ്വയുക്തിയിൽ (Opposite Binary Logic) ആവിഷ്കരിക്കുന്ന കഥാസന്ദർഭങ്ങളിൽ നിന്ന് വ്യത്യസ്തമായി ദ്വന്ദ്വാതീത-ദ്രവ്യ-വർണരാജി (Non Binary-Fluid-Spectrum) തലങ്ങളിൽ സമീപിക്കുന്ന രചനകളുടെ പ്രാഗ്രൂപം ആദ്യകാലമലയാളസാഹിത്യത്തിൽ തന്നെ പ്രത്യക്ഷപ്പെട്ടിരുന്നുവെന്ന് സ്ഥാപിക്കാനാണ് ഈ പ്രബന്ധം ശ്രമിക്കുന്നത്. 1947ൽ വൈക്കം മുഹമ്മദ് ബഷീർ രചിച്ച ശബ്ദങ്ങൾ എന്ന നോവലിനെയും 1954-ൽ പെരുന്നയിൽ ജോസഫ് രചിച്ച ജീവിതത്തിലെ ഒരു താള് എന്ന ചെറുകഥയെയുമാണ് ഇതിൽ സവിശേഷപഠനത്തിനായി സ്വീകരിച്ചിരിക്കുന്നത്. ക്വിയർജീവിതങ്ങളെ (Queer Lives) വ്യക്തിപരതയിൽ നിന്ന് വ്യത്യസ്തമായി ഒരു സമുദായത്തിന്റെ (Community) ഭാഗമായി കാണാൻ ആദ്യകാലമലയാളസാഹിത്യം ശ്രമിച്ചതെങ്ങനെയെന്ന് ഈ പ്രബന്ധം പരിശോധിക്കുന്നു. പാഠവിശകലനം (Textual Analysis) എന്ന രീതിശാസ്ത്രമുപയോഗിക്കുന്ന ഈ പഠനത്തിൽ വിവിധ ക്വിയർ സിദ്ധാന്തങ്ങളുടെ സൈദ്ധാന്തികചട്ടക്കൂടുപയോഗിക്കുന്നു. ക്വിയർ ജീവിതങ്ങളെ ആഖ്യാനം ചെയ്യുമ്പോൾ ആദ്യകാലസാഹിത്യം സ്വീകരിച്ച മനോഭാവങ്ങളെ വെളിപ്പെടുത്താനും ഈ പ്രബന്ധം ഉദ്ദേശിക്കുന്നു.

**താക്കോൽ വാക്കുകൾ:**

ക്വിയർ, ക്വിയർ സാഹിത്യം, ക്വിയർ സമുദായം, ലൈംഗികത, ജെൻഡർ

**ആമുഖം**

ഭിന്നവർഗകേന്ദ്രിത സാംസ്കാരികാഖ്യാനങ്ങളെ പ്രതിരോധിക്കാനുള്ള പ്രധാന രീതിശാസ്ത്രങ്ങളിലൊന്നാണ് സാഹിത്യത്തിലെ ക്വിയർ പ്രതിനിധാനങ്ങളെ തിരയുക എന്നത്. ഒരു ജനത അതിന്റെ പരിണാമത്തിൽ ഏതുവിധമാണ് ലൈംഗികത, ജെൻഡർ എന്നിവയെക്കുറിച്ചുള്ള സാംസ്കാരികധാരണകളെ സമീപിച്ചത് എന്ന് മനസ്സിലാക്കാൻ കഴിയുന്ന പ്രധാന ദത്തങ്ങളാണ് സാഹിത്യകൃതികൾ. മലയാളത്തിൽ ക്വിയർ പരാമർശമുള്ള സാഹിത്യരൂപങ്ങൾ ഉത്തരാധുനികതയുടെ ഭാഗമായി മാത്രം ഉരുത്തിരിഞ്ഞു വന്നതല്ല എന്നും ആദ്യകാലസാഹിത്യം മുതൽ തന്നെ ക്വിയർ പ്രതിനിധാനങ്ങൾ പ്രത്യക്ഷപ്പെട്ടിരുന്നുവെന്നും പരിശോധനയിൽ കാണാൻ കഴിയും. ഇതിനെ സാധൂകരിക്കുന്ന രണ്ടു കൃതികളെ അവലോകനം ചെയ്യാനാണ് ഈ പ്രബന്ധം ശ്രമിക്കുന്നത്. 1947ൽ വൈക്കം മുഹമ്മദ് ബഷീർ രചിച്ച ശബ്ദങ്ങൾ എന്ന നോവലും 1954 ൽ പെരുന്ന തോമസ് രചിച്ച ജീവിതത്തിലെ ഒരു താള് എന്ന ചെറുകഥയുമാണ് ഇവിടെ വിശദപഠനത്തിന് സ്വീകരിച്ചിരിക്കുന്നത്. ഈ കൃതികളുടെ പഠനം ലൈംഗികതയെക്കുറിച്ചും ജെൻഡറിനെക്കുറിച്ചും ഇരുപതാംനൂറ്റാണ്ടിന്റെ മധ്യത്തിൽ കേരളത്തിലുണ്ടായിരുന്ന സാംസ്കാരികധാരണകളെ മനസ്സിലാക്കാൻ കഴിയുന്ന ചില ദത്തസൂചകങ്ങൾ വെളിപ്പെടുത്തുന്നു.

ക്വിയർ എന്ന പ്രയോഗം 1990കൾക്കു ശേഷം രൂപപ്പെട്ടതാണ്. എന്നാൽ ഈ പ്രബന്ധത്തിൽ ദ്വന്ദ്വരീതിയിലുള്ള ജെൻഡർ-ലൈംഗികതകൾക്ക് പുറമെയുള്ള എല്ലാക്കാലത്തെയും ആവിഷ്കാരങ്ങൾ, സ്വത്വങ്ങൾ എന്നിവയെ സൂചിപ്പിക്കാൻ വേണ്ടി ക്വിയർ എന്ന വാക്ക് പ്രയോഗിച്ചിരിക്കുന്നു.

രീതിശാസ്ത്രവും സൈദ്ധാന്തികചട്ടക്കൂടും

ഭിന്നവർഗസാധാരണത്വം, ക്വിയർഭീതി, ജെൻഡർ പ്രകടനം, ലൈംഗികതയുടെ ചരിത്രവൽക്കരണം എന്നിവ കൈകാര്യം ചെയ്യുന്ന വിവിധ ക്വിയർ സിദ്ധാന്തങ്ങളെ ഈ

പ്രബന്ധത്തിന്റെ സൈദ്ധാന്തികാടിത്തറയ്ക്ക് സ്വീകരിച്ചിരിക്കുന്നു. സൂക്ഷ്മവായന എന്ന പാഠവിശകലനരീതിശാസ്ത്രമാണ് ഈ പ്രബന്ധത്തിൽ ഉപയോഗിച്ചിരിക്കുന്നത്.

പൂർവപഠനങ്ങളും പഠനപ്രസക്തിയും

ഇന്ത്യൻ സാഹിത്യത്തിലെ ആദ്യകാലരചനകളിൽ നിന്ന് സ്വവർഗലൈംഗികതയുടെ ചരിത്രം, ക്വിയർ സംസ്കാരത്തിന്റെ ചരിത്രം എന്നിവ വിശകലനം ചെയ്യാൻ ശ്രമിക്കുന്ന പഠനങ്ങൾ ലഭ്യമാണ് (Gopinath, 2005, Vanita & Kidwai, 2000). ഇവയിൽ മലയാളസാഹിത്യത്തിന്റെ പരാമർശം വളരെ അപൂർവമാണ്. റൂത്ത് വനിത, സലിം കിദ്വായി എന്നിവർ എഡിറ്റ് ചെയ്ത Same-sex love in India: Readings from literature and history എന്ന പുസ്തകത്തിൽ 1974ൽ രചിക്കപ്പെട്ട രണ്ടു പെൺകുട്ടികൾ എന്ന വി.ടി.നന്ദകുമാറിന്റെ നോവൽ മാത്രമാണ് പരാമർശിക്കുന്നത്. ഇതിനുമുൻപ് മലയാളസാഹിത്യത്തിൽ ക്വിയർ ലൈംഗികതയോ ജെൻഡർ ആവിഷ്കരമോ പ്രത്യക്ഷപ്പെട്ടിട്ടില്ല എന്ന പൊതുധാരണ ഇതിലൂടെയുണ്ടായി. വൈയക്തികമായ വൈകാരികഭാവമെന്നതിലുപരി ക്വിയർ സംസ്കാരത്തെ അടയാളപ്പെടുത്തുന്ന വായനകൾ മലയാളകഥകളെ മുൻനിർത്തി വന്നിട്ടില്ല. ഈ വിടവ് നികത്തുക എന്ന പ്രസക്തിയാണ് ഈ പ്രബന്ധത്തിനുള്ളത്.

അവലോകനം

ക്വിയർ സംസ്കാരത്തിന്റെ അവതരണം ശബ്ദങ്ങളിൽ

1947ലാണ് വൈക്കം മുഹമ്മദ് ബഷീർ ശബ്ദങ്ങൾ രചിക്കുന്നത്. രണ്ടാം ലോകയുദ്ധത്തിന്റെ കെടുതികൾ മൂന്നാംലോകജനതയുടെ ജീവിതത്തെയും ചിന്തയെയും സ്വാധീനിച്ചതെങ്ങനെയെന്ന ദാർശനികമായി സമീപിക്കുന്ന ഈ കൃതി യുദ്ധം, അധികാരം, സാമൂഹികക്രമം തുടങ്ങിയവയെ വിമർശനാത്മകമായി സമീപിക്കുന്നു. മലയാളനോവലിൽ ആദ്യമായി ക്വിയർ ജീവിതപശ്ചാത്തലം പരാമർശിതമാകുന്ന നോവൽ കൂടിയാണ് ശബ്ദങ്ങൾ. വൈയക്തികതയുടെ ഭാഗമെന്നതുപോലെ

സാമൂഹികതയുടെ ഭാഗമായും ക്വിയർ ജെൻഡർ-ലൈംഗികതയുടെ നിലകളെ ശബ്ദങ്ങൾ സമീപിക്കുന്നുണ്ട്.

നോവലിലെ പട്ടാളക്കാരൻ എന്ന കഥാപാത്രം തനിക്കൊരു പ്രേമഭാജനമുണ്ടായ കഥ നോവലിസ്റ്റിനോട് പങ്കുവെയ്ക്കുന്ന സന്ദർഭത്തിലാണ് ഒരു ക്വിയർ കഥാപാത്രത്തെ മുൻ നിർത്തിയുള്ള പരാമർശങ്ങൾ ഇതിൽ കടന്നുവരുന്നത്. ജീവിതത്തിൽ ഒരിക്കലും ഒരു സ്ത്രീയെ അറിഞ്ഞിട്ടില്ലാത്ത അയാൾ സ്ത്രീവേഷം ധരിച്ച പുരുഷശരീരിയായ ഒരു വ്യക്തിയെ സ്ത്രീയെന്ന തെറ്റിദ്ധരിച്ചുകൊണ്ട് സമീപിച്ച അനുഭവങ്ങളെ നോവലിസ്റ്റിനോട് വിവരിക്കുന്നു. ട്രാൻസ്ജെൻഡർ എന്ന സങ്കല്പനം രൂപീകൃതമാകുന്ന കാലഘട്ടത്തിനു മുൻ പായതിനാൽ ആൺവേശ്യ എന്ന വിശേഷണത്തിൽ ഹിജഡ സംസ്കാരത്തിന്റെ ഭാഗമായാണ് ഇതിലെ ക്വിയർ കഥാപാത്രം അവതരിപ്പിക്കപ്പെടുന്നത്. ഈ നോവലിൽ ഒരു കഥാപാത്രത്തിനും പേര് നൽകിയിട്ടില്ല. ആൺവേശ്യ എന്ന നാമവും അവൻ-അവൾ -അത് എന്ന സർവനാമവുമാണ് ബഷീർ ക്വിയർ കഥാപാത്രത്തിനു നൽകിയിരിക്കുന്നത്.

ജൈവികസത്തയല്ല മറിച്ച് സാമൂഹികയിടപെടലുകളും പ്രവർത്തനങ്ങളുമാണ് സ്വത്വത്തെ സംബന്ധിച്ച് പ്രധാനമെന്ന പിൽക്കാലക്വിയർ സിദ്ധാന്തനിലപാടുകളോട് ചേർന്നുനിൽക്കുന്നതാണ് ഈ പേര്. ചരിത്രപരവും സാന്ദർഭികവുമായ മാനങ്ങളുള്ളതും നിശ്ചിതമല്ലാത്തതുമായ സ്വത്വത്തിന്റെ ഭാഗമായി ബഷീർ തന്റെ കഥാപാത്രത്തെ അവതരിപ്പിക്കുന്നു. നിശ്ചിതമായ സർവനാമങ്ങൾക്ക് പകരം ചലനാത്മമായി സ്ത്രീ-പുരുഷ -നപുംസകലിംഗ സർവനാമങ്ങൾ ചേർത്താണ് ബഷീർ ഉപയോഗിക്കുന്നത്. ക്വിയർ വ്യക്തിയുടെ സർവനാമങ്ങൾ നിശ്ചയിക്കാൻ ക്വിയർ ഇതരർ അടക്കമുള്ള അപരവ്യക്തികൾക്ക് അധികാരം പ്രയോഗിക്കാൻ കഴിയില്ലെന്ന ധാരണയും സമകാലികമായി രൂപംകൊണ്ടതാണ്. സർവനാമങ്ങളുടെ രാഷ്ട്രീയം ക്വിയർ പശ്ചാത്തലത്തിൽ ലോകം മുഴുവൻ ചർച്ച ചെയ്യാനോ ചിന്തിക്കാനോ തുടങ്ങുന്നതിനു മുമ്പ് ശബ്ദങ്ങൾ അത് കൈകാര്യം ചെയ്യുന്നു.

ക്വിയർജീവിതങ്ങളുടെ വൈവിധ്യത്തെയും അതുവഴി സാമൂഹികതയെയും ശബ്ദങ്ങൾ അടയാളപ്പെടുത്തുന്നുണ്ട്. “ഞങ്ങൾക്കൊരു സംഘമുണ്ട്. ഒന്നല്ല, ഒരുപാട് സംഘക്കാർ. ഹിജഡകൾ. നപുംസകങ്ങൾ... ഒരുപാടു വിശ്വാസക്കാർ” (ബഷീർ 432) എന്നും “കൂട്ടം ചേർന്ന് വലിയവരുടെ വീടുകളിൽ ആട്ടം പാട്ടം. വാദ്യമേളങ്ങളോടെ, അത്തരം അനേകം പേരുണ്ട്” (434) എന്നും നോവലിൽ പരാമർശമുണ്ട്. വൈയക്തികമായ കാമനകളെ ക്വിയർ പക്ഷത്തുനിന്നുകൊണ്ട് ആവിഷ്കരിക്കുന്ന ചെറുകഥകൾ ഇതിനു മുമ്പ് തന്നെ മലയാളത്തിൽ രചിക്കപ്പെട്ടിരുന്നു. 1937ൽ തകഴി ശിവശങ്കരപ്പിള്ള രചിച്ച സാഹോദര്യം, 1947ൽ മാധവിക്കുട്ടി തന്റെ പതിനഞ്ചാം വയസ്സിൽ രചിച്ച സ്ത്രീ എന്നീ കഥകൾ ഇതിനുദാഹരണമാണ്. ഒറ്റപ്പെട്ടതോ വിചിത്രമായതോ ആയ വൈകാരികതയുടെ ഭാഗമായല്ലാതെ ഒരു സംഘത്തിന്റെയും സമുദായത്തിന്റെയും പ്രത്യേകസംസ്കാരത്തിന്റെയും ഭാഗമായി ശബ്ദങ്ങളിൽ ക്വിയർ ജീവിതം പരാമർശിക്കുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ മധ്യത്തിൽ കേരളത്തിൽ സംഭവിക്കുന്ന കഥാപശ്ചാത്തലമാണ് ശബ്ദങ്ങളിലുള്ളത്. കേരളമെന്ന ഒറ്റഭൂമികയോ സാംസ്കാരികപ്രദേശമോ രൂപീകരിക്കുന്നതിനു മുൻപുള്ള കാലമായിരുന്നു അത്. കേരളമെന്ന പൊതുവായൊരു പ്രദേശത്തിന്റെ അഭാവത്തിന്റെ പശ്ചാത്തലത്തിൽ നിന്ന് കൂടിവേണം അക്കാലത്തിന്റെ സാംസ്കാരികധാരണകളെ അവലോകനം ചെയ്യാൻ. കൊളോണിയൽ ആധുനികതയുടെ വരവും സ്വവർഗലൈംഗികത, ഹിജഡസംസ്കാരം എന്നിവയ്ക്കെതിരെയുള്ള കൊളോണിയൽ നിയമങ്ങളും കേരളമടക്കമുള്ള പ്രദേശങ്ങളിലെ സദാചാരസങ്കല്പനങ്ങളെ സ്വാധീനിക്കുന്ന കാലഘട്ടമാണത്. ദായക്രമം, വിവാഹം, സാമുദായികമാമൂലുകൾ, സ്ത്രീവിദ്യാഭ്യാസം, ദളിത്ജനതയുടെ വിഭാവാധികാരം എന്നിവ ശക്തമായ പരിവർത്തനങ്ങൾക്ക് വിധേയമാകാൻ തുടങ്ങുന്നതും അക്കാലത്താണ്. പുരുഷാധിപത്യത്തിലൂന്നിയ അണുകുടുംബവ്യവസ്ഥയുടെ സ്ഥാപനവും വളർച്ചയും കേരളത്തിന്റെ സദാചാരമുഖമുദ്രയാകാൻ തുടങ്ങുന്ന കാലഘട്ടം കൂടിയായിരുന്നു അത്. ശബ്ദങ്ങളിലെ സ്വവർഗലൈംഗികതയുടെ പരാമർശമുണ്ടാക്കാൻ സാധ്യതയുള്ള സംസ്കരികാഘാതത്തെ നോവലിന്റെ അവതാരികയിൽ കേസരി എ. ബാലകൃഷ്ണപിള്ള

സൂചിപ്പിക്കുന്നുമുണ്ട്. സ്വവർഗഭീതി പ്രകടമായി നിലനിൽക്കുന്ന ഒരു സമൂഹമായാണ് ഇതിൽനിന്നും 1947ലെ കേരളത്തെക്കുറിച്ച് വ്യക്തമാകുന്നത്. ക്വിയർ അദൃശ്യതയിൽ നിന്ന് വ്യത്യസ്തമാണ് ക്വിയർഭീതി എന്നിടത്താണ് ഈ പരാമർശം പ്രസക്തമാകുന്നത്. ആൺ-പെൺ ജെൻഡർ നിലകളുടെ വിപരീതദ്വന്ദ്വനിലകളെക്കുറിച്ച് യാതൊരു പരാമർശവുമില്ലാത്ത സാമൂഹികാവസ്ഥയും സ്വവർഗലൈംഗികതയടക്കമുള്ള ക്വിയർ ആവിഷ്കാരങ്ങളുടെ നിലനിൽപ്പിനോടും ആവിഷ്കാരത്തിനോടും അസഹിഷ്ണുത കലർന്ന വെറുപ്പ് സൂക്ഷിക്കുന്ന സാമൂഹികാവസ്ഥയും വ്യത്യസ്തതയാണ്. ക്വിയർ വ്യക്തികൾ, സമുദായം, ഉപസംസ്കാരം, നഗരങ്ങൾ കേന്ദ്രമാക്കിയ ക്വിയർ അധോലോകം എന്നിവയെയെല്ലാം തിരിച്ചറിയുന്ന ആഖ്യാനമാണ് ശബ്ദങ്ങൾ നിർവഹിക്കുന്നത്. ക്വിയർ ജീവിതങ്ങളും സാമുദായികതയും 1990കൾക്ക് മുൻപ് കേരളത്തിൽ അദൃശ്യമായിരുന്നു എന്ന സാമ്പ്രദായിക-രേഖീയ ചരിത്രപരാമർശങ്ങളെ ചോദ്യംചെയ്യുന്നതാണ് ഈ തിരിച്ചറിവ്. എയിഡ്സ് നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് 1990ന് ശേഷമാണ് ഔദ്യോഗികമായി ക്വിയർസാമുദായികജീവിതങ്ങൾ ശ്രദ്ധിക്കപ്പെടുന്നത് എന്നതിനാൽ അതിനുമുൻപുള്ള കേരളീയ ക്വിയർ സാമുദായികജീവിതങ്ങൾ രേഖപ്പെടുത്താതെ പോകുന്നു.

ക്വിയർ ജീവിതങ്ങളുടെ ചരിത്രനിലയും ശബ്ദങ്ങൾ തിരിച്ചറിയുന്നുണ്ട്. "പണ്ട്, പണ്ട്, രാജകൊട്ടാരങ്ങളിൽ, ചക്രവർത്തിമാരുടെ, പ്രസിഡന്റുമാരുടെ, സ്വേച്ഛാധിപതികളുടെ അരമനകളിൽ ഇവർ ഉണ്ടായിരുന്നു. ആൺവേശ്യകൾ." (432)എന്ന് ശബ്ദങ്ങൾ പരാമർശിക്കുന്നു. ക്വിയർ ജീവിതങ്ങൾ ചരിത്രത്തിൽ നിലനിന്നവരാണ് എന്ന് മലയാളസാഹിത്യം 1947ൽ തന്നെ പ്രഖ്യാപിക്കുന്നുവെന്നത് പ്രസക്തമാണ്. കേവലമായി ചരിത്രത്തിൽ നിലനിന്നുവെന്നല്ല, രാഷ്ട്രീയമായും സാമുദായികമായും ഉന്നതസ്ഥാനങ്ങൾ അലങ്കരിച്ചുകൊണ്ടാണ് ക്വിയർ മനുഷ്യർ നിലനിന്നത് എന്ന് ശബ്ദങ്ങൾ പ്രഖ്യാപിക്കുന്നു. ചരിത്രപരമായ അസ്തിത്വത്തിന്റെ തുടർച്ചയായാണ് ശബ്ദങ്ങളിലെ ക്വിയർ കഥാപാത്രം പ്രത്യക്ഷപ്പെടുന്നത്.

ലൈംഗികതയുടെയും ക്വിയർ ജീവിതങ്ങളുടെയും ചരിത്രവൽക്കരണം ക്വിയർ സൈദ്ധാന്തികകതയുടെ ഭാഗമാകുന്നത് ഫൂക്കോഡിയൻ ചിന്തകളുടെ കാലഘട്ടത്തിലാണ്. ക്വിയർ സിദ്ധാന്തങ്ങളുടെ പ്രധാനപരിഗണനകളിലൊന്നാണ് ചരിത്രവല്ക്കരണം. ചരിത്രനിരപേക്ഷമായും സാമൂഹികത റദ്ദുചെയ്യപ്പെട്ടും ക്വിയർ ജീവിതങ്ങളെ കാണുന്നതിനു പിന്നിലെ അപകടങ്ങളെ വിവിധ ക്വിയർ സിദ്ധാന്തങ്ങൾ സൂചിപ്പിക്കുന്നുണ്ട്. ആദ്യകാലമലയാളസാഹിത്യം ക്വിയർ ജീവിതങ്ങളെ ചരിത്രപരമായി വിലയിരുത്തുന്നതിലൂടെ കേരളത്തിന്റെ ക്വിയർ ചരിത്രത്തെയും പുനരാലോചനയ്ക്ക് പ്രേരിപ്പിക്കുന്നു.

ക്വിയർ സംസ്കാരത്തിന്റെ അവതരണം ജീവിതത്തിലെ ഒരു താളിൽ

1954ൽ പ്രസിദ്ധീകരിച്ച പെരുന്ന തോമസിന്റെ അഞ്ച് ചീത്തക്കഥകൾ എന്ന കഥാസമാഹാരത്തിലാണ് ജീവിതത്തിലെ ഒരു താള് എന്ന കഥ പ്രസിദ്ധീകരിക്കുന്നത്. വിശുദ്ധമാക്കപ്പെട്ട എല്ലാ ചൂഷണവ്യവസ്ഥകളെയും ക്രൂരമായി വിമർശിക്കുക എന്ന എഴുത്തുരീതിയായിരുന്നു പെരുന്ന തോമസ്സിന്റേത്. സ്വവർഗലൈംഗികതയിലൂന്നി ജീവിതം നയിക്കുന്ന മനുഷ്യരുടെ സാംസ്കാരികജീവിതം ശബ്ദങ്ങൾ കഴിഞ്ഞാൽ പിന്നെ മലയാളസാഹിത്യത്തിൽ പ്രത്യക്ഷപ്പെടുന്നത് ജീവിതത്തിലെ ഒരു താള് എന്ന ചെറുകഥയിലാണ്.

ഒരു ജെൻഡർക്വിയർ മനുഷ്യൻ എന്ന് ഇന്ന് വിവക്ഷിക്കാവുന്ന ഒരു നോൺ-ബൈനറി വ്യക്തിയുടെ രൂപവർണ്ണനയോടെയാണ് ഈ കഥ ആരംഭിക്കുന്നത്. ഈ വർണ്ണനയിൽ അപമാനവീകരണമോ പരിഹാസമോ പ്രകടമല്ല എന്നത് പ്രസക്തമാണ്:

> ഞാൻ ഒരു മനുഷ്യനെ നിങ്ങളെ പരിചയപ്പെടുത്തുന്നു. മുടി ഇരുവശത്തേക്കും ചീകി ഒതുക്കിവച്ചിരിക്കയാണ്. ചീകിവച്ച മുടി നിറയെ ഓളപ്പാത്തികൾ. നെറ്റിയുടെ ഒത്ത നടുവിൽ മുട്ടസൂചിയുടെ കടംവലിപ്പത്തിലുള്ള ഒരു ചെമന്ന പൊട്ട്. അഗാധനീലിമ പൂണ്ട കണ്ണുകൾ. കണ്ണുകളിൽ വ്രീളയും ലജ്ജയും മുറ്റിനിൽക്കുന്നു. കവിത പാടുന്ന കണ്ണുകൾ. പാക്കും വെറ്റിലയും നൂറുംകൂട്ടി പവിഴം ചാർത്തിയ ചുണ്ടുകൾ.

> മുറുക്കിയില്ലെങ്കിലും ആ ചുണ്ടുകൾ ചുമന്നതുതന്നെ. മുറുക്ക് ആ ചുണ്ടിനെ ഒന്നുകൂടി ചുമപ്പിക്കുന്നു എന്നുമാത്രം. പൊട്ടിയ മുളയിൽ തട്ടിവരുന്ന കുട്ടിമരുത്തിൻ്റെ സീൽക്കാരം പോലുള്ള സ്വരവിശേഷം. അങ്ങേയറ്റം പതിനഞ്ചു വയസ്സുകാണും. കെട്ടിമുഴപ്പിച്ചുവച്ചിരിക്കുന്ന മുലകളില്ല. കേശഭാരമില്ല. അതുകൊണ്ട് ആൾ ആണുതന്നെ. എങ്കിലും ഓരോ ചലനവും പെണ്ണിനു പറ്റിയതാണ്. പെണ്ണിനെപ്പോലെ ശൃംഗരിക്കാനറിയാം. ചിരിക്കാനുമറിയാം. മധുരമായി നാണംകുണുങ്ങും. അനുരാഗമധുരമായ സ്വരത്തിൽ മറുപടി പറയും. കാലിൻ്റെ പെരുവിരൽകൊണ്ട് തറയിൽ നൃത്തം വരയ്ക്കും. എപ്പോഴും മുഖം താഴ്ത്തിപ്പിടിക്കും. പിന്നെ ഒളികണ്ണിട്ടുനോക്കും. പെണ്ണല്ലേ? ആരും സംശയിച്ചുപോകും.
>
> ഇങ്ങനെ ഒരു മനുഷ്യൻ. പുരുഷനോ സ്ത്രീയോ? ആരുമൊന്നു സംശയിക്കും. പുരുഷന്റെ രൂപം. സ്ത്രീയുടെ ഭാവം. വായിക്കുംതോറും മത്തുപിടിക്കുന്ന ഗൂഢാർത്ഥപ്രധാനമായ കവിതയുണ്ടല്ലോ; അതിന്റെ പ്രതീതി. (തോമസ് 363-364)

സിസ്ജെൻഡർ-ഹെറ്ററോസെക്ഷ്വൽ മനുഷ്യഭാവനയിലെ ആത്യന്തികവെറുപ്പിനെയും കൗതുകത്തെയും പൂർണമായും തിരസ്കരിച്ച ഈ രചനാരീതി ചരിത്രപ്രസക്തമാണ്. ക്വിയർ വ്യക്തിയുടെ ശരീരത്തെയും കാമനയെയും താഴ്ത്തിക്കെട്ടാത്ത തരത്തിലാണ് ഇതിൽ പരാമർശിച്ചിരിക്കുന്നത്. ഇരുപതാം നൂറ്റാണ്ടിന്റെ മധ്യത്തിൽ നിലനിന്ന വാക്കുകളിൽ ഊന്നിക്കൊണ്ട് മാത്രമേ കഥയിലെ കഥാപാത്രങ്ങൾക്ക് സംസാരിക്കാൻ കഴിയുമായിരുന്നുള്ളൂ എന്നും ഇതിനോടൊപ്പം ചിന്തിക്കേണ്ടതുണ്ട്. 'ആണും പെണ്ണും കെട്ട രൂപം' എന്ന അഭിസംബോധനകൾ ഇതിലെ ക്വിയർ കഥാപാത്രത്തെ കുറിച്ച് മറ്റ് കഥാപാത്രങ്ങൾ നടത്തുന്നുണ്ട്. "ഒരു പുഷ്ടനാ" എന്ന് തന്നെ മറ്റു കഥാപാത്രങ്ങൾക്ക് പരിചയപ്പെടുത്തുമ്പോൾ അവർക്കൊപ്പം ചിരിയിൽ പങ്കുകൊള്ളുന്ന ആ ക്വിയർ കഥാപാത്രത്തെക്കുറിച്ച് "അവനെപ്പറ്റിയാണ് പറഞ്ഞത്. എന്നിട്ടും അവൻ ചിരിച്ചു" എന്ന് കൂടി പറയാൻ കഥാകൃത്ത് ശ്രമിച്ചിട്ടുണ്ട്. അപരവൽക്കരണത്തിന്റെ ഭാഷ കഥാപാത്രങ്ങൾക്ക് മാത്രം വിട്ടുകൊടുത്തിട്ട് ഉൾചേർക്കലിന്റെ ഭാഷ കഥാകൃത്ത് സ്വീകരിച്ചിരിക്കുന്നു. ഒരു

യഥാതഥസാഹചര്യത്തെ സാഹചര്യത്തിൽ നിന്ന് അടർത്തിമാറ്റുകയോ വെള്ളംചേർക്കുകയോ ചെയ്യാതെ സഹാനുഭൂതിയിൽ ഊന്നിനിന്നുകൊണ്ട് കൈകാര്യം ചെയ്യുക എന്ന നവോത്ഥാനകാലരചനാശീലത്തെ പെരുന്ന തോമസ് ക്വിയർ പശ്ചാത്തലരചനയിൽ ഉപയോഗിക്കുന്നു.

സ്ത്രീകൾ കടന്നുവരാത്ത പുരുഷലോകത്തിന്റെ സ്വവർഗസാമൂഹികത ഏതുവിധമാണ് എന്നതിന് ഓരോ കാലത്തിനും വ്യത്യസ്തമായതും എന്നാൽ പൊതുവായതുമായ ഒരു രീതിയുണ്ടാകും. ഉറക്കം, കുളി, കള്ളുകുടി, വ്യഭിചാരം, എന്നിവയിൽ നിന്ന് സ്വകാര്യത, ലജ്ജ, അതിരുകൾ എന്നിവയെ റദ്ദ് ചെയ്ത് അവർ ശരീരത്തെ ശരീരാനന്തരതയുടെ പാഠങ്ങൾ പരിശീലിപ്പിക്കും. ഹോസ്റ്റലുകൾ, ജയിൽ മുറികൾ, കപ്പൽ യാത്രകൾ, പട്ടാളബാരക്കുകൾ എന്നിവിടങ്ങളിൽ ഈ സ്വവർഗസാമൂഹിക-ശരീരാനന്തര സാഹചര്യങ്ങൾ സാധാരണമായിരുന്നു. ഇത്തരത്തിൽ സ്വവർഗസാമൂഹികത മുറ്റി നിൽക്കുന്ന ഒരു പുരുഷലോകത്തേക്ക് ക്ഷണിക്കപ്പെട്ട ഒരു ക്വിയർശരീരിയെയാണ് ഈ കഥ അവതരിപ്പിക്കുന്നത്. ആസ്വാദനത്തിന്റെയും ലൈംഗികതയുടെയും വിഷയമായി ക്വിയർ-ഇതര പുരുഷന് മുന്നിൽ ക്വിയർശരീരി വർണ്ണിക്കപ്പെടുന്നു. ഒരു ഘട്ടത്തിൽ 'ആണും പെണ്ണും കെട്ട രൂപം' എന്ന അഭിസംബോധന 'ആണോ പെണ്ണോ എന്ന സംശയം തോന്നുന്ന ആ മനുഷ്യൻ' എന്ന് കഥാകൃത്ത് മാറ്റുന്നുണ്ട്. അത് ബോധപൂർവമായ ഒരു വഴിതിരിയലായി വായിച്ചെടുക്കാൻ കഴിയും.

ലൈംഗികതൊഴിൽ ചെയ്യുന്ന പുരുഷശരീരിയെയും സ്ത്രീശരീരിയെയും കഥയിൽ താരതമ്യം ചെയ്യുന്നുണ്ട്. സ്ത്രീയുടെ ലൈംഗികതൊഴിലിനെ ഇകഴ്ത്തിയും പുരുഷശരീരിയുടെ ലൈംഗികതൊഴിലിനെ പുകഴ്ത്തിയും ഇതിലെ കഥാപാത്രങ്ങൾ സംസാരിക്കുന്നുമുണ്ട്. സാമ്പത്തികലാഭം, അഭിമാനക്ഷതമില്ലാതെ രഹസ്യങ്ങൾ കാക്കാനുള്ള വിശ്വസ്തത, ലൈംഗികരോഗങ്ങൾ ഇല്ലാത്തവരുടെ എണ്ണം കൂടുതൽ എന്നിവയൊക്കെ അവർ പരിഗണിക്കുന്നു. ക്വിയർ വ്യക്തികൾ നേരിടുന്ന ലൈംഗികചൂഷണവും ഈ കൃതിയിൽ പരാമർശിക്കുന്നു. കാശൊന്നും കൊടുത്തില്ലെങ്കിലും "അവർക്ക്" പരാതിയില്ല എന്ന്

ലൈംഗികതൊഴിൽ ചെയ്യുന്ന ക്വിയർ മനുഷ്യരെക്കുറിച്ച് കഥയിൽ പറയുന്നുണ്ട്. ലൈംഗികതൊഴിൽ എന്ന രീതിയിലല്ലാതെ മറ്റു പുരുഷന്മാർക്ക് കാശും വിഭവങ്ങളും വാഗ്ദാനം ചെയ്ത് ലൈംഗികസുഖം നേടുന്ന ഉന്നതരും നഗരത്തിലുണ്ടെന്ന പരാമർശത്തിലൂടെ സ്ത്രൈണശരീരികൾ അല്ലാത്ത ക്വിയർ പുരുഷന്മാരും കഥാപാത്രങ്ങളുടെ ചർച്ചയുടെ ഭാഗമാകുന്നു. പ്രത്യേകചിരിയോടെ മറ്റുള്ളവരെ വശീകരിക്കുന്നവരെന്നും തിരിച്ചറിയാൻ കഴിയാത്തവരെന്നും ഇവർ പുരുഷക്വിയർ മനുഷ്യരെ വേർതിരിക്കുന്നു. നഗരം മുഴുവൻ സാന്നിധ്യമുള്ളവർ എന്ന് ശബ്ദങ്ങൾ വിവരിച്ച പോലെ ഈ കഥയും ക്വിയർ മനുഷ്യരെ വിലയിരുത്തുന്നു. ശബ്ദങ്ങളിലെ പട്ടാളക്കാരൻ എന്ന കഥാപാത്രം ആൺവേശ്യ എന്ന കഥാപാത്രത്തെ 'ഇന്റർവ്യൂ' ചെയ്യുന്നത് പോലെ ഈ കഥയിലും ചോദ്യോത്തരവേളയുണ്ട്. ഈ കഥയിലെ ക്വിയർ കഥാപാത്രം കൗമാരക്കാരനാണ്. സ്ത്രൈണഭാവങ്ങൾ ഉണ്ടെങ്കിലും സ്ത്രീവേഷമില്ല. പണത്തിനു വേണ്ടിയും അല്ലാതെയും അവൻ(?) മറ്റുപുരുഷന്മാരുമായി രതിയിലേർപ്പെടുന്നു. ദുഃഖമോ ദുരിതമോ സഹതാപമോ ആവശ്യമില്ലാതെ സന്തോഷവും സംതൃപ്തിയുമായി 'മഞ്ഞുകട്ടയുടെ തണുപ്പും പൂച്ചന്ദ്രികയുടെ ആകർഷകത്വവുമുള്ള ചിരി'യുമായി ഈ കഥാപാത്രം വിടവാങ്ങുന്നിടത്താണ് കഥയവസാനിക്കുന്നത്.

മാനകജീവിതത്തിൽ നിന്ന് കുതറിമാറിയ മനുഷ്യരെക്കുറിച്ചുള്ള കഥകൾ കൊണ്ട് നവോഥാനപ്രസ്ഥാനം സമ്പന്നമായിരുന്നു. അതിൽ ക്വിയർ ലൈംഗികതയെ സ്പർശിച്ച രചനകൾ വളരെ കുറവായിരുന്നു. അവയൊന്നും വേണ്ടരീതിയിൽ ശ്രദ്ധിക്കപ്പെട്ടുമില്ല. ശബ്ദങ്ങൾ ശ്രദ്ധ നേടിയത് ഒരുപാട് ഇതരഘടകങ്ങളെക്കൂടി മുൻനിർത്തിയായിരുന്നു.

## ഉപദർശനങ്ങൾ

ശബ്ദങ്ങൾ, ജീവിതത്തിലെ ഒരു താള് എന്നീ കൃതികൾ അവലോകനം ചെയ്യുമ്പോൾ ഇരുപതാം നൂറ്റാണ്ടിലെ മധ്യത്തിൽ കേരളത്തിൽ വ്യതിരിക്തമായ സംസ്കാരം പുലർത്തിയിരുന്ന ഒരു ക്വിയർ സമുദായം നിലനിന്നിരുന്നു എന്ന് വെളിപ്പെടുന്നു. ഉള്ളറയ്ക്കുള്ളിൽ അദൃശ്യരായവരടക്കം ഇക്കൂട്ടത്തിലുണ്ടെന്ന് ജീവിതത്തിലെ

ഒരു താള് വെളിപ്പെടുത്തുന്നു. പ്രകടമായ ക്വിയർ ജീവിതമില്ലാത്തതും ലൈംഗികതയെക്കുറിച്ചും ജെൻഡർ ആവിഷ്കാരത്തെക്കുറിച്ചും വ്യതിരിക്തമായ സ്വത്വബോധമില്ലാത്തതുമായ വ്യക്തികളും ക്വിയർ വർണരാജിയുടെ ഭാഗമായി കേരളത്തിൽ നിലനിന്നിരുന്നുവെന്നതിനുദാഹരണമായി തകഴിയുടെ സാഹോദര്യം (1937), മാധവിക്കുട്ടിയുടെ സ്ത്രീ (1947) തുടങ്ങിയ കൃതികളെ കാണാൻ കഴിയും.

നവോഥാനകാലസാഹിത്യത്തിന്റെ ഭാഗമായാണ് മലയാളത്തിൽ ക്വിയർ പശ്ചാത്തലമടക്കമുള്ള പരമ്പരാഗതസദാചാരത്തിനു പുറത്തുള്ള വിഷയങ്ങൾ രചിക്കപ്പെട്ടത്. ക്വിയർ പശ്ചാത്തലങ്ങളെ ഗ്രാമ-നഗര ഭേദമില്ലാതെ അവതരിപ്പിച്ചപ്പോഴും ക്വിയർ സംസ്കാരത്തെയും സാമുദായികകതെയയും ഒരു നഗരസ്വഭാവമായാണ് ശബ്ദങ്ങളും ജീവിതത്തിലെ ഒരു താളും സമീപിച്ചത്. ചെറുപ്പത്തിൽ തന്നെ ലൈംഗികചൂഷണങ്ങൾക്ക് വിധേയരാവുകയും സ്വന്തം കുടുംബത്തിൽ നിന്നും നാട്ടിൽ നിന്നും പലായനം ചെയ്തവരുമായ ക്വിയർ വ്യക്തികൾ നഗരങ്ങളിൽ കുടിയേറുന്നു എന്ന ആഖ്യാനം ഇരുകൃതികളിലും കാണാം.

ക്വിയർ കഥാപാത്രങ്ങളുമായി ഇടപെടാൻ അവസരം ലഭിക്കുന്നത് കുടുംബം എന്ന ഘടനയ്ക്ക് പുറത്ത് നിലനിൽക്കുന്ന വ്യക്തികൾക്കാണ് എന്ന് ഇരുകൃതികളും സൂചന നൽകുന്നു. കുടുംബഘടനകൾ അയയുന്ന ഇടങ്ങളിൽ ലൈംഗികതയെക്കുറിച്ചുള്ള സദാചാരഭാവനകൾ മാറുന്നുവെന്ന് ഇവ സൂചിപ്പിക്കുന്നു.

ഇരുപതാംനൂറ്റാണ്ടിന്റെ മധ്യത്തിൽ കേരളത്തിൽ ക്വിയർ ഭീതിയിൽ അധിഷ്ഠിതമായ ക്വിയർ സാമുദായികതിരിച്ചറിവ് രൂപപ്പെട്ടിരുന്നു എന്നതിന്റെ തെളിവുകളാണ് ഈ രണ്ടു കൃതികളും മുന്നോട്ടുവെയ്ക്കുന്നത്.

**സഹായകഗ്രന്ഥങ്ങൾ**

1. ബഷീർ, വൈക്കം മുഹമ്മദ്. "ശബ്ദങ്ങൾ." ബഷീർ സമ്പൂർണകൃതികൾ, ഡി.സി. ബുക്സ്, 1992, pp. 405–452.

2. തോമസ്, പെരുന്ന. "ജീവിതത്തിലെ ഒരു താള്". പെരുന്ന തോമസ് കഥകൾ, ഉണ്മ പബ്ലിക്കേഷൻസ്, 2016, 363-378
3. Gopinath, G. (2005). *Impossible desires: Queer diasporas and South Asian public cultures*. Duke University Press.
4. Vanita, R., & Kidwai, S. (Eds.). (2000). *Same-sex love in India: Readings from literature and history*. Palgrave Macmillan.

**അനസ് എൻ.എസ്.**

**ഗവേഷകൻ, മലയാളവിഭാഗം**

**എൻ.എസ്.എസ്.കോളേജ്, നിലമേൽ, കൊല്ലം**

**ഗവേഷണകേന്ദ്രം-കേരളസർവകലാശാല**